മാധ്യമം ● ഞായർ ● 24 ജൂലൈ 2016 ● ലക്കം 1473


# വാരാദ്യ മാധ്യമം

varadyam@madhyamam.in


**ഏകാന്തതയാണ് അവരെ യാത്രക്കാരിയാക്കിയത്. ചെറുപ്പം മുതൽ കേട്ട അരുതുകളും അനുഭവിച്ച അസ്വാതന്ത്ര്യവും അവരെ യാത്രകൾക്ക് തീവ്രമായി പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ആസ്ട്രേലിയ ഒഴികെ മനുഷ്യവാസമുള്ള ഭൂഖണ്ഡങ്ങളിലൊക്കെയും അവർ സഞ്ചരിച്ചു. യാത്ര ഹരമാക്കിയ ശ്രീദേവി അന്തർജനത്തിൻെറ വഴികൾ...**



ശ്രീദേവി അന്തർജനം
ചിത്രം: പ്രഭാകരൻ കാഞ്ഞങ്ങാട്

# യാത്രാന്തർജനം

**മാനസസരസ്സിൽ അന്ന് മൈനസ് 20 ഡിഗ്രിയായിരുന്നു തണുപ്പ്. ഞാനതിൽ ഇറങ്ങിക്കുളിച്ചു. മഞ്ഞുകട്ടകൾക്കിടയിലൂടെ നടന്നുപോയി മുങ്ങി**

വേണു കള്ളാർ

'...താതോപാനിയിലെ ഇമിഗ്രേഷൻ ഓഫിസിന് മുന്നിൽ കാത്തുനിൽക്കുമ്പോൾ, തൊട്ടടുത്തുള്ള സ്ത്രീയെ ശ്രദ്ധിക്കാനിടവന്നു. അറുപത് കഴിഞ്ഞെങ്കിലും ബലിഷ്ഠമായ പ്രകൃതം. പാസ്പോർട്ടിലെ വിവിധമുദ്രകൾ അവർ സന്ദർശിച്ച സ്ഥലങ്ങളുടെ വിളംബരങ്ങളാണ്... തനിച്ചുള്ള അവരുടെ യാത്രാദ്വേഗങ്ങൾ എനിക്ക് പെട്ടെന്ന് മനസ്സിലാവുന്നുണ്ടായിരുന്നു. ഭർത്താവിൻെറ, അഞ്ചിൽ മൂന്ന് ആൺമക്കളുടെ വിയോഗവും അതിജീവിച്ചുകഴിഞ്ഞാണ് അവർ യാത്രകൾക്ക് ഒരുമ്പെട്ടത് എന്നു ധരിച്ച് കഴിഞ്ഞപ്പോൾ വിശേഷിച്ചും. എന്തു ശക്തമായ പ്രേരണയോടെയായിരിക്കണം ശ്രീദേവി അന്തർജനം കൈലാസ പരിക്രമണത്തിന് പുറപ്പെട്ടിരിക്കുകയെന്ന് സ്ഫുടമാവുകയായിരുന്നു...'
പദ്മനാള പാർശ്വത്തിലേക്ക് -ആഷാ മേനോൻ
(ഹിമാലയം കാഴ്ച ദർശനം : എഡിറ്റർ കെ.ബി. പ്രസന്നകുമാർ -2005)

ആസ്ട്രേലിയ ഒഴികെ മനുഷ്യവാസമുള്ള ഭൂഖണ്ഡങ്ങളിലൊക്കെയും ശ്രീദേവി അന്തർജനം സഞ്ചരിച്ചു. കൂട്ടിന് ഉറ്റവരാരും ഉണ്ടായിരുന്നില്ല. അവരുടെ ഹിമാലയ യാത്രകളിലൊന്നിലാണ് എഴുത്തുകാരൻ ആഷാ മേനോൻ കണ്ടുമുട്ടിയത്. തൻെറ കൈവെള്ളയിലെ രേഖകൾ നോക്കി മനസ്സ് വായിച്ച സഹയാത്രികയെ യാത്രയെഴുത്തിൽ പലയിടത്തും അദ്ദേഹം ഓർമിക്കുന്നുണ്ട്. ഇരിങ്ങാലക്കുട പുത്തൻചിറയിൽ ജനിച്ച് ഇപ്പോൾ കാസർകോട് ജില്ലയിലെ പുല്ലൂരിൽ ശ്രീദേവി ടീച്ചർ എന്ന് നാട്ടുകാർ ആദരിക്കുന്ന അന്തർജനത്തിന് ജീവിതം തന്നെ ഒരുതരത്തിൽ ദേശാടനമാണ്. അനുഭവിച്ച അരുതുകൾക്കും ഏകാന്തതക്കും എതിരായ പോരാട്ടമാണ് അവർക്ക് യാത്രകൾ.

'മാളക്കടുത്ത് പുത്തൻചിറയിലാ എൻെറ നാട്. വളരെ ചെറുപ്പത്തിൽ, പത്താംക്ലാസിലേക്ക് ജയിച്ചപ്പോ കല്യാണം കഴിപ്പിച്ചു. പയ്യന്നൂർ പിലാത്തറക്ക് വടക്ക് മാതമംഗലം കൈതപ്രത്താണ് ഭർത്താവിൻെറ നാട്. പത്താംക്ലാസ് പാസായിട്ടേ ഞാൻ മലബാറിലേക്ക് വരൂന്ന് പറഞ്ഞിട്ടവിടെ പിടിച്ചുനിന്നു. ഇരിങ്ങാലക്കുട കുഴിക്കാട്ടുശേരി സെൻറ് മേരീസ് ഗേൾസ് ഹൈസ്കൂളിലാണ് ഞാൻ പഠിച്ചത്. ഫാദർ ജോസഫ് വിതയത്തിലായിരുന്നു മാനേജർ. നല്ലൊരു മനുഷ്യൻ. ജാതിയോ മതമോ ഒന്നും അദ്ദേഹത്തെ ബാധിച്ചില്ല. അദ്ദേഹത്തിൻെറ താൽപര്യം കൊണ്ടാണ് എനിക്ക് പഠിക്കാൻ കഴിഞ്ഞത്.

അന്ന് നമ്പൂതിരി സമുദായത്തിനിടയിൽ വിദ്യാഭ്യാസം വളരെ മോശായിരുന്നു. പുറത്ത് പോകാൻ പാടില്ല. മാനേജരുടെ നിർബന്ധം കാരണം എനിക്ക് സ്കൂളിൽ പോകാൻ കഴിഞ്ഞു. അവരെന്നെ പഠിപ്പിച്ചു. പഠിക്കുന്നതിൽ എനിക്ക് വലിയ സന്തോഷമായിരുന്നു. കുടുംബത്തിൽ ഇക്കാര്യത്തിൽ സന്തോഷമൊന്നുമുണ്ടായിരുന്നില്ല. അവർക്കിഷ്ടായിര്ന്നില്ല. എന്നാലും ഞാൻ പഠിക്കാൻ പോയി. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മയൊക്കെയുള്ള കാലമാണ്.

1960ലാണ് ഞാൻ എസ്.എസ്.എൽ.സി എഴുതുന്നത്. 1959ലായിരുന്നു വിവാഹം. കടുംദാരിദ്ര്യമായിരുന്നു വീട്ടിൽ. അച്ഛനെ ഞാൻ കണ്ടിട്ടില്ല. ചെറുപ്പത്തിലേ മരിച്ചു. ഞങ്ങളുടെ നാട്ടിലൊക്കെ നമ്പൂരിമാർക്കിടയിൽ ബഹു ഭാര്യത്വമായിരുന്നു. ഒരാള് അഞ്ച് സ്ത്രീകളെയൊക്കെ വേളികഴിക്കും. എൻെറ അച്ഛൻ അഞ്ച് വേളികഴിച്ചു. ദാരിദ്ര്യമായാലും അതിന് തടസ്സമൊന്നുമുണ്ടായില്ല. അന്യദിക്കിൽ നിന്ന് സ്ത്രീകളെ വേളികഴിച്ച് കൊണ്ടുവരും. ഞാനൊക്കെ ഇവിടെ വന്നപോലെ. വാരവും പാട്ടവുമൊക്കെയുള്ള കാലമായിരുന്നു. കുടിയാന്മാർ എന്തെങ്കിലുമൊക്കെ കൊണ്ടുവന്ന് തരും. അതുകൊണ്ട് പട്ടിണി കിടക്കേണ്ടിവന്നില്ല. നാലാമത്തെ വേളിയിലെ മോളാണ് ഞാൻ. ഞങ്ങളുടെ കുടുംബത്തിൽ അഞ്ച് അമ്മമാരിലായി നാൽപത് കുട്ടികളുണ്ടായിരുന്നു. ആൺകുട്ടികളൊക്കെ സ്കൂളിൽ പോയിട്ടുണ്ടെങ്കിലും പെണ്ണുങ്ങളിൽ ഞാനേ പോയിട്ടുള്ളൂ. പത്ത് പന്ത്രണ്ട് പെണ്ണുങ്ങളുണ്ട്. അവരൊന്നും പഠിച്ചിട്ടില്ല. അന്നത്തെക്കാലത്ത് സ്കൂളിൽ പോക്ക് നിഷിദ്ധമാണ് . ആൺകുട്ടികൾക്കും വേദം പഠിക്കാനേ അവകാശമുള്ളൂ. ക്രിസ്ത്യൻ സ്കൂളായതുകൊണ്ട് അമേരിക്കയിൽ നിന്നൊക്കെ കുട്ടികൾക്ക് സംഭാവനകൾ വരും. അതിൽ നല്ല ഡ്രസൊക്കെ വന്നാല് എനിക്കും കിട്ടും. രാവിലെ സ്കൂളിൽ പോകുമ്പോൾ ഇല്ലത്ത് ഭക്ഷണമൊന്നും ഉണ്ടാവില്ല. സ്കൂളിൽ കഞ്ഞി വെക്കുമ്പോൾ ഞാൻ ഇല്ലത്തെ കുട്ടിയായതുകൊണ്ട് ചോറ് ഊറ്റിത്തരും. പാലും ഉപ്പുമാവും തരിയും കിട്ടും. ഹൈസ്കൂളിൽ പഠിക്കുമ്പോഴും എനിക്കൊരു പങ്ക് അവിടെ വെക്കും. എസ്.എസ്.എൽ.സി കഴിഞ്ഞിട്ടാ ഞാൻ മലബാറിലേക്ക് വരുന്നത്. പാട്ടെഴുതുന്ന കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ മൂത്തമ്മയുടെ മകനാണ് എന്നെ വേളി കഴിച്ചത്. താഴത്തെ പെരിങ്ങോട്ടില്ലത്ത് ഗോവിന്ദൻ നമ്പൂതിരി. ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ തന്നെ ഓൾഡ് സ്കീം ഹിന്ദി വിദ്വാൻ പരീക്ഷ പാസായിരുന്നു. മാതമംഗലത്ത് എത്തിയ ഉടനെ ഞാൻ ഹിന്ദി ടീച്ചറായി ജോലിക്ക് ചേർന്നു. വീട്ടിനടുത്ത് ഒരു നമ്പൂതിരിയുടെ തന്നെ സ്കൂളായിരുന്നു.

എതിർപ്പുണ്ടായെങ്കിലും ഞാൻ വാശിയോടെ ജോലിക്ക് പോയി. ജീവിക്കണ്ടേ.? ഭർത്താവിന് പൂജാകർമങ്ങളൊക്കെയായിരുന്നു ജീവിത മാർഗം. സ്ഥിര വരുമാനമുള്ള ജോലിയൊന്നുമുണ്ടായിരുന്നില്ല. 55 രൂപയായിരുന്നു അന്ന് എനിക്ക് ശമ്പളം. ഒരുവർഷം അവിടെ പഠിപ്പിച്ചു. ഇത് ശരിയാവൂല്ലാന്ന് എനിക്ക് തോന്നി . 1961ൽ കണ്ണൂർ വിമൻസ് ട്രെയിനിങ് സ്കൂളിൽ ടി.ടി.സിക്ക് ചേർന്നു. പഠിത്തം കഴിഞ്ഞയുടനെ, 1964ൽ കുറ്റൂർ സ്കൂളിൽ ടീച്ചറായി പി.എസ്.സി വഴി ജോലി കിട്ടി. പിന്നെ പരപ്പ, പെരിയ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലായി 34 കൊല്ലം ജോലി ചെയ്തു. കാഞ്ഞങ്ങാട് കോട്ടച്ചേരി ഗവൺമെൻറ് എൽ.പി സ്കൂളിൽ നാലുവർഷം ഹെഡ്മിസ്ട്രസായിരുന്നു. 1998ൽ റിട്ടയർ ചെയ്തു. ഭർത്താവ് 1987ൽ മരിച്ചു. തലച്ചോറിൽ കാൻസറായിരുന്നു. അഞ്ച് മക്കളുണ്ടായിരുന്നു . രണ്ടുപേർ പ്രസവത്തിനു മുമ്പേ മരിച്ചു. ഒരാൾ പ്രസവത്തിന് ശേഷവും. രണ്ട് മക്കൾ ഉദ്യോഗസ്ഥന്മാരായി നാട് വിട്ടു. മൂത്തയാൾ ചെന്നൈയിൽ കോളജ് പ്രിൻസിപ്പലാണ്. രണ്ടാമത്തെ മകൻ കാനഡയിൽ എൻജിനീയറും. മൂത്ത മകനും ഞാനും 18 വയസ്സിൻെറ വ്യത്യാസമേയുള്ളൂ.'

ജീവിതം ഇങ്ങനെ ചുരുക്കിപ്പറയുമ്പോഴും ശ്രീദേവി അന്തർജനത്തിൻെറ ഉള്ളിൽ തിരയടങ്ങാതെ വലിയൊരു കടൽ ഇരമ്പുന്നുണ്ട്.

'ഞങ്ങൾക്കന്ന് കളർ തുണികളൊന്നും തൊട്ടുകൂടാ. ബ്ലൗസ് ഇട്ടുകൂടാ. സ്കൂളിൽ പോകുമ്പോൾ പാവാടയും ബ്ലൗസും ഇടുമെങ്കിലും തിരിച്ചുവന്ന് അതേ പോലെ ഇല്ലത്ത് കയറാൻ പറ്റൂല. വഴിക്കുന്നേ ഊരി കൈയിൽ പിടിച്ചോളുക. അതൊക്കെ മാറ്റി കുളിച്ചിട്ടേ അകത്ത് കടത്തുകയുള്ളൂ. സിനിമയിലൊക്കെ കണ്ടിട്ടില്ലേ. നമ്പൂതിരി പെണ്ണുങ്ങൾക്ക് പുറത്തിറങ്ങാൻ സ്വാതന്ത്ര്യമില്ല. ഭയങ്കര നിബന്ധനകളാണ്. അത് ചെയ്യാൻ പാടില്ല, ഇത് പറഞ്ഞൂടാ, ഇങ്ങനെ നിന്നൂട, അങ്ങനെയായിക്കൂടാ.....

ഭർത്താവിൻെറ നാട്ടിലെത്തിയപ്പോൾ അത് ഒരുപടി കൂടുതലായി. ഈ അരുതുകളിൽ നിന്നാണ് എൻെറ യാത്രകൾക്കുള്ള പ്രേരണ തലയിലേക്ക് കയറുന്നത്. അരുതുകൾ കേട്ടുകേട്ട് മടുത്തിട്ടാണ് ഞാൻ യാത്ര ചെയ്യാൻ തീരുമാനിച്ചത്. സ്വാതന്ത്ര്യബോധവും എങ്ങനെ മനുഷ്യർ ജീവിക്കുന്നു എന്നറിയാനുള്ള വ്യഗ്രതയും പുറത്തിറങ്ങണമെന്ന ആഗ്രഹത്തെ കൂടുതൽ വളർത്തി.

ഭർത്താവ് മരിച്ചിട്ട് 30 വർഷത്തോളമായി. ഇപ്പോൾ തനിച്ചാണ് ജീവിതം. എനിക്ക് വലിയ തിരക്കുകളൊന്നുമില്ല. മക്കളൊക്കെ വലുതായി, അവരാരും അടുത്തില്ല. റിട്ടയർ ചെയ്തപ്പോൾ എൻെറ കൈയിൽ കാശായല്ലോ. പെൻഷനുണ്ട്. ആർക്കും കൊടുക്കാനില്ല. ആ കാശ് തവണകളായിട്ടാ കിട്ടുന്നത്. അത് കൈയിൽ കിട്ടുമ്പോ ഞാൻ ഇഷ്ടമുള്ള ദിക്കിലേക്ക് ഇറങ്ങിയങ്ങ് പോകും. മക്കളും എത്ര വേണമെങ്കിലും സഹായിക്കും. യാത്ര എവിടേക്കാണെങ്കിലും ഞാൻ ഒഴിവാക്കാറില്ല. ദൂരയാത്രക്ക് ടൂറിസം ഏജൻസികളെ ആശ്രയിക്കും.

ഇന്ത്യ മുഴുവൻ മൂന്നുനാല് പ്രാവശ്യം കറങ്ങി. ഹിമാലയത്തിൽ ആറ് പ്രാവശ്യം പോയി. 2005ലാണ് കൈലാസം കയറിയത്. കേരളത്തിൽ നിന്ന് കൈലാസയാത്രക്ക് പോകുന്ന ആദ്യത്തെ പെണ്ണാണ് ഞാൻ. ആഷാമേനോൻ എന്ന് വിളിക്കുന്ന നിരൂപകൻ ശ്രീകുമാർ, മാടമ്പ് കുഞ്ഞുകുട്ടേട്ടൻ, ഫോട്ടോഗ്രാഫർ ജയചന്ദ്രൻ.. ഇവരൊക്കെ യാത്രയിൽ ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. മാനസസരസ്സിൽ അന്ന് മൈനസ് 20 ഡിഗ്രിയായിരുന്നു തണുപ്പ്. ഞാനതിൽ ഇറങ്ങിക്കുളിച്ചു. മഞ്ഞുകട്ടകൾക്കിടയിലൂടെ നടന്നുപോയി മുങ്ങി. ഏറ്റവും കോപിഷ്ഠയായ ബ്രഹ്മപുത്രാ നദി ചങ്ങാടത്തിൽ കടന്നു. പഞ്ചതരണി ഗംഗയിലെ കുത്തൊഴുക്കിലൂടെ നടന്ന് മറുകരയിലേക്ക് കടന്നു. പഞ്ചാബ് യാത്രക്കിടയിൽ ഝലം നദിയിൽ ഒഴുക്കിൽ വീണു. സുരക്ഷാ ഭടന്മാരാണ് മുളയും കയറും കൊണ്ടുവന്ന് താൽക്കാലിക നടപ്പാലമുണ്ടാക്കി കരയിലെത്തിച്ചത്.

ബുദ്ധ വിഹാരങ്ങളിൽനിന്ന് പ്രസാദമായി കിട്ടിയ ജീരകച്ചോറിൻെറ രുചി ഇപ്പോഴും നാവിലുണ്ട്. കാഠ്മണ്ഡുവിൽനിന്ന് ഹെലികോപ്ടറിൽ എവറസ്റ്റ് കൊടുമുടിയുടെ മുകളിൽ വട്ടമിട്ടു. ഹെലികോപ്ടറിൽ പൈലറ്റും ഞാനും മാത്രം. അതിന് സർട്ടിഫിക്കറ്റൊക്കെ കിട്ടി. സ്വിറ്റ്സർലൻഡിൽ പോയപ്പോൾ ആൽപ്സ് പർവതത്തിന് മുകളിലും കയറി. റോപ് വേ പോലത്തെ തീവണ്ടിയിലാണ് പർവതത്തിന് മുകളിലെത്തിയത്. താഴെ വലിയ ഗർത്തമാണ്.

അസമിൽ പുഴുക്കളെ വറുത്തു തിന്നുന്നവരെ കണ്ടു.

2003ൻെറ ഒടുവിലായിരുന്നു യൂറോപ്പിലേക്കുള്ള യാത്ര. അവിടെ 53 ദിവസം ഉണ്ടായിരുന്നു. അമേരിക്കയിൽ 18 ദിവസം സഞ്ചരിച്ചു. ഒബാമയുടെ വീട് കണ്ടു. അകത്തൊന്നും കയറാനേ പറ്റിയില്ല. ഭാര്യയെ ജനാലയിലൂടെ കണ്ടു. മെല്ലിച്ച് നീണ്ട സ്ത്രീ. നയാഗ്ര വെള്ളച്ചാട്ടത്തിൻെറ അടിയിലൂടെ സഞ്ചരിച്ചു.

മുമ്പ് മകൻെറ കൂടെ ഗൾഫ് രാജ്യങ്ങളിലൊക്കെ പോയിട്ടുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ സ്വിറ്റ്സർലൻഡാണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്. അവിടെ ഞാൻ 13 ദിവസം താമസിച്ചിട്ടുണ്ട്. ഭൂമിയിലെ സ്വർഗമാണത്. ദിശകളും നിറങ്ങളും നോക്കിയാണ് അവരുടെ ജീവിത രീതി. ഞങ്ങൾ താമസിച്ച ഹോട്ടൽ മുറികൾക്ക് നമ്പറുണ്ടായിരുന്നില്ല. പകരം നിറങ്ങളാണ്. അവിടത്തെ ജീവിത രീതി നമുക്കൊന്നും പറ്റില്ല കേട്ടോ. പഴങ്ങളും ജ്യൂസും മാത്രം കഴിച്ചാണ് ദിവസങ്ങൾ തള്ളിനീക്കിയത്. ഇറ്റലിയിൽ പോയപ്പോൾ സോണിയ ഗാന്ധിയുടെ വളപ്പിൽക്കൂടെപ്പോയി. അവർക്ക് മുന്തിരിത്തോട്ടമുണ്ട്, മുന്നൂറേക്ര. വീടും കണ്ടു. നമ്മുടെ ഓടിട്ട വീട് പോലെ കൊച്ചുവീട്.

ജർമനി കരകൗശല വസ്തുക്കളുടെ നാടാണ്. ചെരിപ്പും ബാഗുമൊക്കെ നമ്മൾ പറയുന്നതുപോലെ നിമിഷ നേരം കൊണ്ട് ഉണ്ടാക്കിത്തരും. അതൊക്കെ കാണാൻ എന്താ രസം.

വത്തിക്കാൻ സിറ്റിയിൽ പോയപ്പോൾ എനിക്ക് പോപ്പിനെ കാണണമെന്ന് വലിയ മോഹമുണ്ടായി. മതാധ്യക്ഷനല്ലേ. സെൻറ് പീറ്റേഴ്സ് ബസലിക്കയിലെത്തി വലിയ മണിയടിച്ചു. അന്ന് പോപ്പിൻെറ പിറന്നാളായിരുന്നു. പത്ത് സ്കാനറുകൾ കടന്നുപോകണം പള്ളിയിൽ കയറാൻ. അദ്ദേഹം വയ്യാതെ ഇരിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തെ കെട്ടിപ്പിടിച്ചു. അദ്ദേഹം എന്നെയും. എൻെറ കഴുത്തിലുണ്ടായിരുന്ന മാലയൂരി അദ്ദേഹത്തിൻെറ കൈയിൽ കൊടുത്തു. അദ്ദേഹം അത് വെഞ്ചരിച്ച് എൻെറ കഴുത്തിൽ തന്നെ ഇട്ട് തന്നു. പാപ്പ ഞങ്ങൾക്ക് മുന്തിരിങ്ങയൊക്കെ തന്നു. എനിക്ക് വലിയ സന്തോഷമായി.

ജീവിതത്തിലെ അനുഭവങ്ങളൊക്കെയും മോശമാണ് . എഴുപത് വയസ്സായില്ലേ. നാഥനില്ലായ്ക എന്നെ അലട്ടുന്നുണ്ട്. ഇങ്ങനെ കറങ്ങിയിട്ട് എന്ത് ഗുണം കിട്ടാനുണ്ടെന്ന് ചോദിക്കാറുണ്ട് ചിലരൊക്കെ. അസ്വാസ്ഥ്യങ്ങളിൽ നിന്നൊക്കെ ഞാൻ രക്ഷപ്പെടും. വേറൊന്ന്, എനിക്കുവേണ്ടി ഞാൻ എന്തെങ്കിലുമൊക്കെ ചെയ്യുന്നുണ്ടെന്ന സമാധാനം. വല്ലാത്ത അനുഭവമാണത്. ഒരുപാട് ആളുകളെ കാണാനും അവരുമായി ഇടപഴകാനും കഴിഞ്ഞു. ഇനിയിപ്പോ ബ്രൂണെക്ക് പോകുന്നുണ്ട്. കാനഡയിലുള്ള മകന് അങ്ങോട്ട് മാറ്റമാണ്. അപ്പോൾ പറ്റിയാൽ ആസ്ട്രേലിയയും ഒന്ന് കാണണമെന്നുണ്ട്.'


ഈ യാത്രാനുഭവങ്ങളൊക്കെ എഴുതി വെച്ചുകൂടെ എന്ന് ചിലരൊക്കെ ചോദിക്ക്ണ്ണ്ട്. 'അനുഭവിച്ചു കഴിഞ്ഞാൽ പിന്നെ എഴുതാനെന്തിരിക്ക്ണു'...



ശ്രീദേവി അന്തർജനം ആംസ്റ്റർഡാമിൽ



ഉത്തരായനം 02



അതിശയജീവിതം 04




യാത്ര



# ഉത്തരായനം

● കുംഭമേളയിലെ സ്നാനഘട്ടം

**ഹസനുൽ ബന്ന**

ആത്മീയാന്വേഷണങ്ങൾ കേവലം ജിജ്ഞാസ മാത്രമാണോ എന്ന സന്ദേഹം ഉജ്ജൈനിലേക്കുള്ള യാത്രക്കിടയിൽ പ്രകടിപ്പിച്ചത് തമിഴ്നാട്ടുകാരനായ ശ്രീധർ കുമാര സ്വാമിയാണ്. ജീവിതത്തിൻെറ പരക്കംപാച്ചിലിനിടയിൽ വല്ലപ്പോഴും ലഭിക്കുന്ന ആത്മീയ സന്ദർഭങ്ങളിലാണ് ഇത്തരം വിചാരങ്ങൾക്ക് അവസരമുണ്ടാകാറ്. ജനാധിപത്യത്തിൽ വ്യക്തികളുടെ വിശ്വാസ വൈജാത്യങ്ങൾക്ക് ഇടമുള്ളതുപോലെ മതാനുഷ്ഠാനങ്ങളിൽ വ്യക്തികളുടെ വിവേചന ബുദ്ധിക്കും സ്ഥാനമുണ്ടെന്നും അതുകൊണ്ടാണ് ഒരേസമയം വിശ്വാസിയാകാനും മതാനുഷ്ഠാനങ്ങളെക്കുറിച്ച് സന്ദേഹങ്ങൾ പ്രകടിപ്പിക്കാനും തനിക്ക് കഴിയുന്നതെന്നും സ്വാമി പറഞ്ഞുവെച്ചു.

യോഗാചരണവും സംസ്കൃത പ്രചാരണവും പോലെ ഭാരതീയ സാംസ്കാരിക പാരമ്പര്യമായി ഉയർത്തിക്കാണിക്കുന്ന ഏത് ചടങ്ങിനും കലവറയില്ലാത്ത പിന്തുണയും സഹായവും ഭരണകൂടത്തിൻെറ ഭാഗത്തുനിന്നുമുണ്ടാകുമെന്നതിൻെറ മറ്റൊരനുഭവം കൂടിയായിരുന്നു ഉജ്ജൈൻ യാത്ര. പുരാണങ്ങളെണ്ണിയ ഏഴ് വിശുദ്ധ നഗരങ്ങളിലൊന്നാണ് ഉജ്ജൈൻ എന്ന കഥയിൽ തുടങ്ങി റോഡുമാർഗം ഭോപാലിൽ നിന്ന് ഉജ്ജൈൻ വരെയുള്ള നാലര മണിക്കൂർ ദൂരം ആത്മീയ യാത്രയാക്കി മാറ്റുകയായിരുന്നു കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം വഴികാട്ടിയായി നിയോഗിച്ച സുധീർ തിവാരി. ഡൽഹിയിൽനിന്ന് മാധ്യമപ്രവർത്തകരെ ഉജ്ജൈനിലെത്തിച്ച് തിരികെ കൊണ്ടുവരേണ്ട ചുമതല തിവാരിക്കായിരുന്നു. പൂർണചെലവ് മധ്യപ്രദേശ് ഭരണകൂടത്തിൻെറയും.

### ഉജ്ജൈൻ ചരിതം

ഇന്ത്യയുടെ സ്റ്റാൻഡേഡ് സമയം അടിസ്ഥാനമാക്കുന്ന ഉത്തരായന രേഖ ശ്രീലങ്കയിലേക്ക് കടന്നുപോകുന്നത് ഉജ്ജൈനിലൂടെയാണ്. ഭോപാലിൽ നിന്ന് ഉജ്ജൈനിലേക്കുള്ള പാതയിൽ ഉത്തരായന രേഖ കടന്നുപോകുന്നത് കൃത്യമായി അടയാളപ്പെടുത്തിയിട്ടുണ്ട്. പുരാണങ്ങളും ഉപനിഷത്തുകളുമനുസരിച്ച് ഉജ്ജൈൻ ലോകത്തിൻെറ ഊർജ സ്രോതസ്സാണെന്നും ത്രിപുരയെന്ന രാക്ഷസനെ നിഗ്രഹിക്കാൻ മഹാപശുപാദേയാസ്ത്രത്തിനായി ഭഗവാൻ ശിവൻ രക്തദണ്ഡിക ദേവിയോട് തപസ്സിരുന്ന കഥയും സുധീർ തിവാരി വിവരിച്ചു. ത്രിപുരക്ക് മേൽ ശിവൻ നേടിയ ഉജ്ജ്വല വിജയത്തെ അനുസ്മരിച്ചാണത്രെ പ്രദേശം ഉജ്ജൈനായത്. രാഷ്ട്രീയമായി നിരവധി ഉത്ഥാനപതനങ്ങളുടെ കഥയും ഉജ്ജൈന് പറയാനുണ്ട്. ശൈവ, വൈഷ്ണവ വിഭാഗങ്ങളുടെയെല്ലാം പാരമ്പര്യമുള്ള ക്ഷേത്ര നഗരമായ ഉജ്ജൈനിൽ ജൈനരുടെയും മുസ്ലിംകളുടെയും ചരിത്ര സ്മാരകങ്ങളുമുണ്ട്. അമൃതകണം വീണ് ഉജ്ജൈൻ വിശുദ്ധനഗരമായതിൻെറ കഥയും തിവാരി പറഞ്ഞുതന്നു.

സൂര്യൻ മേടരാശിയിലും വ്യാഴം ചിങ്ങരാശിയിലുമെത്തുമ്പോഴാണ് അവന്തിക എന്നും ഉജ്ജൈനി എന്നും വിളിക്കുന്ന ക്ഷിപ്രാനദീതട നഗരത്തിലെ കുംഭമേള. അഖാഡകളെന്നറിയപ്പെടുന്ന ശൈവ, വൈഷ്ണവ പാരമ്പര്യത്തിലുള്ള 13 ഹിന്ദു സന്യാസി സംഘടനകൾക്കാണ് കുംഭമേള നടത്തിപ്പിനുള്ള അവകാശം. ഏപ്രിൽ 22ന് തുടങ്ങി മേയ് ഒന്നു മുതൽ അഞ്ചു വരെയുണ്ടായിരുന്ന പഞ്ചേശനി യാത്രയും മേയ് ഒമ്പതിലെ അക്ഷയതൃതീയയും മേയ് 19ലെ അസ്തമയവും കഴിഞ്ഞ് മേയ് 21ലെ പുണ്യസ്നാനത്തോടെയാണ് ഇത്തവണത്തെ കുംഭമേള സമാപിച്ചത്. പുണ്യസ്നാനം കഴിഞ്ഞ് മഹാകാലേശ്വർ ക്ഷേത്രത്തിലെ പുണ്യദർശനവും കഴിഞ്ഞേ ഭക്തർ തിരിച്ചുപോകൂ.

> **3092 കോടി രൂപയാണ് ഉജ്ജൈൻ കുംഭമേളയുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനങ്ങൾക്ക് മാത്രമായി മധ്യപ്രദേശിലെ ശിവരാജ് സിങ് സർക്കാർ ചെലവഴിച്ചത്**

### ക്ഷിപ്രാനദീതടത്തിൽ

ക്ഷിപ്രാനദിക്കരയിലെത്തുമ്പോൾ പാതിരാ കഴിഞ്ഞ് ശാഹി സ്നാൻ ദിനം പുലർന്നിരിക്കുന്നു. നർമദ നദിയിൽനിന്ന് വെള്ളം പമ്പ് ചെയ്താണ് വേനലിൽ വറ്റിവരണ്ട ക്ഷിപ്രയിൽ പുണ്യസ്നാനത്തിനായി നിറച്ചിരിക്കുന്നത്. നദിയുടെ ഇരുകരകളിലുമായി നിരന്നുനിൽക്കുന്ന ശൈവ, വൈഷ്ണവ ക്ഷേത്രങ്ങളും ആശ്രമങ്ങളും ഹർ ഹർ മഹാദേവും ജയ് ശ്രീരാമും മുഴക്കി തങ്ങളുടെ അനുയായികളെ മാറിമാറി ഭക്തിയുടെ ആവേശക്കൊടുമുടിയിലെത്തിക്കുകയാണ്. അഖാഡകളിലെ സന്യാസികളുടെ രാജകീയ സ്നാനം കഴിഞ്ഞാണ് ഭക്തരുടെ പുണ്യസ്നാനം.

അഖാഡകളിലെ സന്യാസിമാർ മുങ്ങുന്ന ദത്ത് ഘാട്ടിലും രാം ഘാട്ടിലും സ്നാനം നിർവഹിക്കാനാണ് ഭക്തജനങ്ങളുടെ തിരക്ക്. സന്യാസികളുടെ സ്നാനം കഴിയുംവരെ റോഡുകളടച്ചും ബാരിക്കേഡുകൾ തീർത്തും ഭക്തരെ അണകെട്ടി നിർത്തിയിരിക്കുകയാണ് 22,000ത്തോളം പൊലീസ്. പുലർച്ചെ ആറ് മണി വരെയുള്ള അഖാഡകളിലെ സന്യാസിമാരുടെ രാജകീയ സ്നാനത്തിന് ശേഷമേ ഈ രണ്ട് ഘാട്ടുകളിലും ഭക്തരെ പ്രവേശിപ്പിക്കൂ.

പുലർച്ചെ മൂന്ന് മണിയായിക്കാണും. ഹർ ഹർ മഹാദേവ് എന്നുച്ചത്തിൽ വിളിച്ച് ശിവ ഭക്ത സന്യാസികളുടെ ആദ്യ വരവ് ക്ഷിപ്രാനദിക്കരയിലെ ദാത് ഘാട്ടിൽ പ്രത്യക്ഷപ്പെട്ടു. ഏറ്റവും മുന്നിലായി ട്രാക്ടറിലൊരുക്കിയ രഥത്തിൽ മുത്തുക്കുട ചൂടി അഖാഡയിലെ ആത്മീയാചാര്യൻ. ചുറ്റിലും ഏറ്റവുമടുത്ത അനുചരവൃന്ദം. രഥത്തിന് പിറകിലായി ശിഷ്യഗണങ്ങളായ നാഗസന്യാസിമാരുടെ നീണ്ടനിര. അതിന് പിന്നിൽ ഹർ ഹർ മഹാദേവ് വിളിച്ച് ഭക്തജനം. ദാത്ഘാട്ടിലേക്ക് ആദ്യമിറങ്ങിയതും അഖാഡയുടെ ആചാര്യൻ തന്നെ. അതിന് പിറകെ സന്യാസിശ്രേഷ്ഠരിൽ രണ്ടാമനും മൂന്നാമനും അങ്ങനെയങ്ങനെ. തുടർന്ന് അനുചരവൃന്ദവും അനുയായികളും ക്ഷിപ്രാനദിയിൽ മുങ്ങിയുയർന്നു.

ദാത്ഘാട്ടിലെ ശൈവരുടെ ആദ്യ വരവിൻെറ ആരവങ്ങളടങ്ങും മുമ്പ് ക്ഷിപ്രാനദിയുടെ ഇക്കരെ വൈഷ്ണവ സന്യാസിമാർക്കുള്ള രാംഘാട്ടിലേക്കുള്ള വഴിയിൽ ജയ് ശ്രീരാം വിളികളുയർന്നു. ഹർ ഹർ മഹാദേവിന് പകരം ജയ് ശ്രീരാം എന്നപോലെ വേഷഭൂഷാദികളിലും ശൈവ സന്യാസിമാരിൽ നിന്ന് ഭിന്നർ. വാഹനത്തിന് മുകളിലൊരുക്കിയ അധികാര പീഠത്തിലിരുത്തി അലങ്കാര വസ്ത്രത്തിൽ പൊതിഞ്ഞ ആചാര്യനുമായാണ് വരവ്. തൃശൂലത്തിന് പകരം ആത്മീയാധികാരത്തിൻെറ ധർമദണ്ഡാണ് ആചാര്യൻെറ കൈയിൽ. വാഹനം നദിക്കരയിലെത്തിയതും അഖാഡയുടെ ആചാര്യൻ ഭക്തിയുടെ ആനന്ദത്തിൽ അലങ്കാര വസ്ത്രങ്ങളെല്ലാമെറിഞ്ഞ് വാഹനത്തിൻെറ പുറത്ത് നിന്ന് ശിഷ്യരുടെ ചുമലിലേക്ക് ഒരു ചാട്ടം. നിമിഷങ്ങൾക്കകം നിലം തൊടാതെ അനുയായികൾ ആചാര്യനെ രാം ഘട്ടിലെത്തിച്ച് നദിയിലിറക്കി. ഇരുകരകളിലുമായി അഖാഡകളുടെയും അനുയായികളുടെയും ഈ ഒഴുക്ക് സൂര്യനുദിച്ചുയർന്നതോടെ നിലച്ചു.

സ്നാനം കഴിഞ്ഞാൽ പിന്നെ നേരെ മഹാകലേശ്വർ ക്ഷേത്രത്തിലേക്ക് ദർശനത്തിന് നീങ്ങുകയാണ് സന്യാസികളും ഭക്തരും. ക്ഷേത്രത്തിലേക്കുള്ള വഴിയിൽ നാഗസന്യാസിമാർ പലയിടങ്ങളിലായി നിൽപുണ്ട്. ശിരസ്സ് കുനിച്ച് അനുഗ്രഹം തേടിവരുന്ന ഭക്തരെ തലോടി വിടുകയാണ് നാഗസന്യാസിമാർ. അവർക്ക് മുന്നിൽ നമ്രശിരസ്കരായി അനുഗ്രഹം വാങ്ങാൻ ഭൂരിഭാഗം മാധ്യമപ്രവർത്തകരും അണിനിരന്നു. അഖാഡകളിലെ ആത്മീയ ആചാര്യന്മാർക്കൊപ്പം രാജകീയ സ്നാനം നിർവഹിച്ചതിൻെറ നിർവൃതിയിലായിരുന്നു വഴികാട്ടിയായ സുധീർ തിവാരിയും ഉത്തരാഖണ്ഡിലെ റോഷൻ ഗൗറും ഉത്തർപ്രദേശിലെ സഞ്ജയ് ഠാകുറും ഒഡിഷക്കാരനായ നിഗമാനന്ദ പൃസ്ടിയും. വിശ്വാസിയായിട്ടും രാജകീയ സ്നാനത്തിന് തയാറാകാതിരുന്ന ശ്രീധർ സ്വാമി യുക്തിയുടെ വീക്ഷണകോണിൽ നിന്ന് അതിന് പല ന്യായവാദങ്ങളും നിരത്തി. എന്നാൽ, ഈ ന്യായവാദങ്ങളിൽ ഭക്തി ബലികഴിക്കാൻ തയാറല്ലാത്ത നിഗമാനന്ദയും തിവാരിയും ക്ഷിപ്രയിലെ ആകലക്കുവെള്ളം വീട്ടിലേക്ക് കൊണ്ടുപോകാനായി കുപ്പിയിൽ ശേഖരിച്ചാണ് മടങ്ങിയത്.

### കുംഭമേളയിലെ ഖാദി

3092 കോടി രൂപയാണ് ഉജ്ജൈൻ കുംഭമേളയുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനങ്ങൾക്ക് മാത്രമായി മധ്യപ്രദേശിലെ ശിവരാജ് സിങ് സർക്കാർ ചെലവഴിച്ചത്. റോഡ് നിർമാണത്തിനുള്ള 361 കോടി രൂപക്ക് പുറമെയാണിത്. മധ്യപ്രദേശ് സർക്കാർ നേരിട്ട് നടത്തിയ ഉജ്ജൈൻ സിംഹസ്ഥ കുംഭമേള അന്തർദേശീയ ശ്രദ്ധയിലെത്തിക്കാനുള്ള സഹായങ്ങളെല്ലാം ചെയ്തത് കേന്ദ്ര സർക്കാറിൻെറ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയമായിരുന്നു. ഒരു മാസക്കാലയളവിൽ രാജ്യതലസ്ഥാനമായ ഡൽഹിയും 'സിംഹസ്ഥ് കുംഭ്' പർവിൻെറ പ്രചാരണാഘോഷങ്ങളിലായിരുന്നു. വിദേശ മാധ്യമപ്പടയെ ഉജ്ജൈനിലെത്തിച്ച് രാജ്യത്തിൻെറ തന്നെ സാംസ്കാരികോത്സവമാക്കി അന്തർദേശീയ തലത്തിൽ കുംഭമേളയെ അവതരിപ്പിക്കാൻ മധ്യപ്രദേശ്, കേന്ദ്ര സർക്കാറുകൾ കഠിനയത്നമാണ് നടത്തിയത്. ഇതൊരു മതചടങ്ങല്ലെന്നും സന്യാസികളുടെയും മതപണ്ഡിതരുടെയും അന്തർദേശീയ സമാഗമമാണെന്നുമാണ് പരസ്യപ്പെടുത്തിയിരുന്നത്. വ്യാപം വിവാദങ്ങളിലുലഞ്ഞുപോയ സർക്കാറിനെ കുംഭമേളയുടെ ആത്മീയ പ്രഭാവലയത്തിൽ മുക്കിയെടുക്കാൻ മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാന് കഴിഞ്ഞു.

ജുന അഖാഡക്ക് കീഴിലുള്ള നാഗസന്യാസിമാരുടെ 'രാജസ്നാന'ത്തോടെ ഏപ്രിൽ 22ന് ചടങ്ങ് തുടങ്ങുമ്പോൾ ആഘോഷം കേവലം ഹിന്ദുമത വിശ്വാസികളുടേതല്ലെന്ന് തെളിയിക്കാൻ അധികൃതർ ഇത്തവണ ഒരു കാര്യം ചെയ്തു. ഉജ്ജൈൻ ജുമാ മസ്ജിദിലെ ഖാദി ഖലീലുർറഹ്മാനെ കണ്ട് കുംഭമേളയുടെ മുന്നോടിയായുള്ള പ്രദക്ഷിണത്തിന് നേതൃത്വം നൽകണമെന്ന് ആവശ്യപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ബി.ജെ.പി അധ്യക്ഷൻ അമിത് ഷായുടെയും മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻെറയും മുൻ മുഖ്യമന്ത്രി ദിഗ്വിജയ് സിങ്ങിൻെറയും രാജകീയ സ്നാനങ്ങളെക്കാൾ വലിയ വാർത്താപ്രാധാന്യമാണ് ഈ ക്ഷണത്തിന് ലഭിച്ചത്. കുംഭമേളയുടെ ചരിത്രത്തിലാദ്യമായാണ് മുസ്ലിം പള്ളിയിലെ ഖാദിയെ പ്രദക്ഷിണത്തിന് നേതൃത്വം നൽകാൻ ആവശ്യപ്പെട്ടതെന്ന് 13 അഖാഡകളുടെ ഏകോപനവേദിയായ അഖില ഭാരതീയ അഖാഡ പരിഷത്ത് ആചാര്യ നരേന്ദ്ര ഗിരി പറഞ്ഞു.

മതസൗഹാർദവും ഐക്യവും സൃഷ്ടിക്കുകയാണ് ഇതുകൊണ്ട് തങ്ങളുദ്ദേശിക്കുന്നതെന്നും ആചാര്യ ഗിരി വ്യക്തമാക്കി. ക്ഷണം സ്വീകരിച്ച ഖാദിയാകട്ടെ സമൂഹത്തിൽ ഭിന്നിപ്പുകളില്ലാതാക്കാൻ താൻ പ്രദക്ഷിണത്തിന് നേതൃത്വം നൽകുമെന്ന് വ്യക്തമാക്കി. ക്ഷിപ്രാനദീതടത്തിലെ ആത്മീയാഘോഷം സർക്കാർ ഏറ്റെടുത്ത് നടത്തിയപ്പോൾ ഉജ്ജൈൻ ഖാദിയും ചെയ്തു തന്നാലായത്. ●

ലേഖനം

# കഥയല്ല, ഒരു ചുരം കാര്യം പറയുന്നു

**ഒ. മുസ്തഫ**

ടിപ്പിൻ അഴകുവിടർത്തി വൻമലയുടെ ശരീരത്തിലൂടെ ഇഴഞ്ഞുകയറുകയാണ് വയനാട് ചുരമെന്ന വനപാത. 13 കി.മീറ്റർ നീളം, ഒമ്പത് കൂറ്റൻ വളവുകൾ. സമുദ്രനിരപ്പിൽനിന്ന് 2100 മീറ്റർ ഉയരത്തിലുള്ള വയനാട്ടിലെത്താനുള്ള മാർഗം. രാവും പകലും ഇടതടവില്ലാതെ വാഹനങ്ങളാൽ ശബ്ദമുഖരിതമാകുന്ന ചുരത്തിൽ പക്ഷേ, കാൽനടയാത്ര അപൂർവമായേ സംഭവിക്കാറുള്ളൂ. വർഷാവർഷം ദുഃഖവെള്ളി ദിനത്തിൽ ക്രിസ്തുമത വിശ്വാസികൾ കുരിശുമേന്തി മലകയറും. പിന്നെ പ്രകൃതിസ്നേഹികളുടെ മഴയാത്രയും. ചുരത്തിൻെറ ഭംഗി നുകരാൻ വ്യൂപോയൻറിൽ എത്തുന്നവരുമുണ്ട്. ഇങ്ങനെയല്ലാതെ യാത്രക്കാർ ചുരത്തിൻെറ മണ്ണിൽ കാൽ കുത്തുന്നത് കുറവാണ്.

കാലക്രമേണ ഇപ്പോഴിതാ ഒരു കൂട്ടർ മറ്റൊരു യാത്രയുമായി ചുരത്തിൽ വെളിപ്പെട്ടിരിക്കുന്നു. കേവലമൊരു യാത്രയെന്ന കൗതുകത്തിനപ്പുറം ഇതിന് ചില അജണ്ടകളുണ്ട്. അഹ്മദാബാദിൻെറ പേര് കർണാവതിയും ഹൈദരാബാദിൻേറത് ഭാഗ്യനഗറും ഔറംഗാബാദിൻേറത് സംബാജി നഗറും ആക്കുന്നവരുടെ ബന്ധുക്കൾ വയനാടൻ ചുരവും കയറുകയാണ്.

ചുരവുമായി ബന്ധപ്പെട്ട് കാലങ്ങളായി ഒരു ഐതിഹ്യമുണ്ട്. അതിങ്ങനെയാണ്- കരിന്തണ്ടൻ എന്നുപേരുള്ള ആദിവാസി മൂപ്പൻ കാണിച്ച വഴിയിലൂടെ ചുരപ്പാത കണ്ടെത്തിയ ബ്രിട്ടീഷുകാർ ഒടുവിൽ അയാളെ വെടിവെച്ചുകൊല്ലുന്നു. പ്രതികാരദാഹിയായ അയാളുടെ ആത്മാവ് ചുരംകയറുന്ന വാഹനങ്ങളെ നിശ്ചലമാക്കി. ഒടുവിൽ ആത്മാവിനെ ഒരു മന്ത്രവാദി ഇരുമ്പുചങ്ങലയിൽ ആവാഹിച്ച് മരത്തിൽ കുടുക്കി. ഈ മരമാണ് ലക്കിടിയിലുള്ള ചങ്ങലമരം. 20ാം നൂറ്റാണ്ടിൻെറ മധ്യകാലത്താണ് ഈ കഥയുണ്ടായത്. എന്നാൽ, ഐതിഹ്യത്തെ ചരിത്രയാഥാർഥ്യമാക്കുകയാണ് സംഘ്പരിവാറിൻെറ കീഴിലുള്ള ഒരു സന്നദ്ധസംഘടന. ചുരത്തിന് കരിന്തണ്ടൻെറ പേരിടണമെന്നും അവിടെ പ്രതിമ സ്ഥാപിക്കണമെന്നുമാണ് വർഷാവർഷം നടത്തുന്ന സ്മൃതിയാത്രയിലൂടെ അവരുടെ ആവശ്യം. കാലങ്ങളായി ആദിവാസികളുമായി ബന്ധപ്പെട്ട് കിടക്കുന്ന നിഷ്കളങ്കമായ ഒരു ഐതിഹ്യത്തെ തട്ടിയെടുക്കാനാണ് ശ്രമം. സത്യം പറയുന്നതിലൂടെയാണ് ഫാഷിസം പൊളിയുക. ഇതിനാൽ ചുരത്തിൻെറ ജനനം സംബന്ധിച്ച ചരിത്രം പരിശോധിക്കാം.



● വയനാട് ചുരം

> **ചുരവുമായി ബന്ധപ്പെട്ടു കിടക്കുന്ന ആദിവാസികളുടെ നിഷ്കളങ്കമായ ഒരു ഐതിഹ്യത്തെ തട്ടിയെടുക്കാനാണ് ഇപ്പോൾ സംഘ്പരിവാർ ശ്രമം**

### ടിപ്പുസുൽത്താനും ബ്രിട്ടീഷുകാരും പിന്നെ ചുരവും

ചരിത്രപ്രകാരം രണ്ട് കാര്യങ്ങളാണ് ചുരം നിർമാണവുമായി ബന്ധപ്പെട്ടുള്ളത്. ടിപ്പു സുൽത്താനാണ് ആയുധങ്ങളും ചരക്കും കൊണ്ടുപോകാനായി ചുരം പണിതതെന്ന് ആധികാരിക ചരിത്രരേഖയായ വില്യംലോഗൻെറ 'മലബാർ മാന്വലി'ൽ (മലയാളം പതിപ്പ്-മാതൃഭൂമി പേജ് 58) പറയുന്നു. '1780-81ൽ പിതാവ് ഹൈദരലിയുടെ മരണശേഷം അധികാരമേറ്റ ടിപ്പു തൻെറ 12ഓളം വർഷത്തെ ഭരണത്തിനിടക്ക് മലബാറിലുടനീളം റോഡ് ശൃംഖല പണിതു. മലബാറിലെ എല്ലാ സ്ഥലങ്ങളും ബന്ധിപ്പിച്ച് നാട്ടിലെ ഏറ്റവും ദുർഗമമായ അകന്നൊഴിഞ്ഞ് കിടക്കുന്ന കേന്ദ്രങ്ങളിൽപോലും കടന്നെത്താൻ കഴിയുമാറ് അതിവിപുലമായ ഒരു റോഡ് ശൃംഖല എന്ന ആശയം ആവിഷ്കരിച്ചതും അവ ഒട്ടുമുക്കാലും നടപ്പാക്കിയതും ടിപ്പുസുൽത്താനാണ്. ഈ റോഡുകളെല്ലാം എത്തിച്ചേർന്നത് ശ്രീരംഗപട്ടണത്തിലായിരുന്നു'. തുടർന്ന് പീരങ്കിപാതകളെ കുറിച്ച് പറയുന്ന ഭാഗത്ത് മാനന്തവാടി-പേര്യ ചുരം, കുറ്റ്യാടി ചുരം, താമരശ്ശേരി ചുരം എന്നിവ നിർമിച്ചത് ടിപ്പുവാണെന്ന് വിശദമാക്കുന്നുമുണ്ട്. കോഴിക്കോട്ടുനിന്ന് തെക്കൻ വയനാട്ടിലേക്കുള്ള ഈ താമരശ്ശേരി ഘാട്ട് റോഡ് ടിപ്പു പണിത സൈനിക റോഡുകളിലൊന്നായിരുന്നു. പഴശ്ശി കലാപത്തെ നേരിടാൻ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സൈനിക കമാൻഡറായിരുന്ന ആർതർ വെല്ലസ്ലി തെരഞ്ഞെടുത്ത തന്ത്രപ്രധാനമാർഗവും ഇതുതന്നെയാണെന്നും 'മലബാർ മാന്വൽ' സമർഥിക്കുന്നു. പിന്നീട് 1810നും 30നും ഇടയിൽ ബ്രിട്ടീഷുകാർ ചുരം നവീകരിക്കുകയാണുണ്ടായത്.

മറ്റൊരു ചരിത്രം ഇങ്ങനെ- ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും രാജകീയ സർക്കാറും വയനാട്ടിൽ നിരവധി ഭരണക്രമീകരണങ്ങൾ നടത്തിയിരുന്നു. മലബാറിലെ പരിഷ്കാരങ്ങൾ സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് ജഡ്ജി എച്ച്.എസ്. ഗ്രമെയെ 1817ൽ സ്പെഷൽ കമീഷണറായി നിയമിച്ചു. 1857ൽ ആക്ടിങ് മലബാർ കലക്ടറായിരുന്ന വില്യം റോബിൻസൺ 'ഹിസ്റ്ററി, കണ്ടീഷൻ ആൻഡ് പ്രോസ്പെക്ടസ് ഓഫ് ദ താലൂക്ക് ഓഫ് വയനാട്' എന്ന പേരിൽ മേലധികാരികൾക്ക് വയനാട്ടിൽ നടപ്പാക്കേണ്ട പരിഷ്കാരങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് നൽകിയിരുന്നു. ഇതിൻെറയെല്ലാം തുടർച്ചയായാണ് ചുരം നിർമാണം നടന്നതെന്ന് ചരിത്രകാരനും വയനാടിൻെറ ചരിത്രം സംബന്ധിച്ച പുസ്തകങ്ങളുടെ കർത്താവുമായ മുണ്ടക്കയം ഗോപി പറയുന്നു. തൻെറ 'കുറുംപുറൈ' (കുന്നിൻ പ്രദേശം) എന്ന ചരിത്രഗ്രന്ഥത്തിൽ ചുരം ചരിത്രം അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

അടിവാരത്തുനിന്ന് ലക്കിടി ചുരപ്പിളർപ്പിലെത്തി വൈത്തിരിയിലേക്ക് നീളുന്ന ഇന്നത്തെ വഴി 19ാം നൂറ്റാണ്ടിൻെറ മധ്യകാലംവരെ ഉണ്ടായിരുന്നില്ല. വയനാട് ചുരത്തിൻെറ പണി തുടങ്ങിയവർഷം ഏതെന്ന് പറയാൻ രേഖകളില്ലെങ്കിലും 1880ൻെറ തുടക്കത്തിൽ ആരംഭിച്ചുവെന്നാണ് കരുതുന്നത്. ബ്രിട്ടീഷ് മദ്രാസ് പ്രവിശ്യാഭരണകൂടം മലബാർ കലക്ടറുടെ മേൽനോട്ടത്തിലാണ് ചുരം പാത നിർമിക്കാൻ പദ്ധതിയിട്ടത്.

അടിവാരത്തുനിന്ന് ഒമ്പതാംവളവുവരെ ഏകദേശം 11.5 കി.മീറ്റർ റോഡുനിർമിക്കാൻ വശങ്ങളിൽ കല്ലുകെട്ടിയുള്ള ഭിത്തിനിർമാണംകൊണ്ടു സാധിച്ചു. എന്നാൽ, ഒമ്പതാം വളവിൽനിന്ന് വലത്തേക്ക് റോഡുവെട്ടി, തെക്കോട്ട് വായപിളർന്നുനിൽക്കുന്ന ചുരപ്പിളർപ്പിലെത്താൻ ഏറെ പണിപ്പെട്ടു. ഇവിടെ 600 മീറ്ററിലേറെ നീളത്തിൽ, 100-180 അടി ഉയരത്തിൽ നിന്ന് വെടിമരുന്ന് ഉപയോഗിച്ച് പാറ ചെത്തിയിറക്കി. വലിയ തോതിലുള്ള സ്ഫോടനങ്ങൾ മലയൊന്നാകെ പൊട്ടിത്തെറിപ്പിക്കുമെന്നതിനാൽ ചെറുസ്ഫോടനങ്ങളാണ് നടത്തിയത്. ചുരംപാതയുടെ ഔദ്യോഗിക ഉദ്ഘാടനം മദ്രാസ് ഗവർണറായിരുന്ന എം.ഇ. ഗ്രാൻഡ്ഫ് ആണ് നിർവഹിച്ചത്.

ടിപ്പുസുൽത്താൻ പണിത ചുരം റോഡ് പിന്നീട് ശാസ്ത്രീയമായി ബ്രിട്ടീഷുകാർ നവീകരിക്കുകയായിരുന്നുവെന്നാണ് ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത്. കരിന്തണ്ടൻ സംഭവം ചരിത്രരേഖകളിലില്ലെന്നും ഐതിഹ്യത്തെ ചരിത്രവത്കരിക്കരുതെന്നുമാണ് പ്രമുഖ ചരിത്രകാരനും കാലിക്കറ്റ് സർവകലാശാല മുൻ വി.സിയുമായ ഡോ. കെ.കെ.എൻ. കുറുപ്പിൻെറ നിലപാട്. ഏതായാലും മിത്തുകൾ ചുമലിലേറ്റി ഫാഷിസ്റ്റുകൾ നടന്നുകയറുമ്പോൾ ചരിത്രവസ്തുതകൾ ചുരം ഇറങ്ങിപ്പോവുകയില്ല. ●


## കത്തുകൾ

### രണ്ടു യാത്രകൾ

വാരാദ്യമാധ്യമം ലക്കം 1472 രണ്ടു യാത്രകൾകൊണ്ട് ശ്രദ്ധേയമായി. പി.കെ. പാറക്കടവിൻെറ അമേരിക്കൻ യാത്രയും നാരായണൻ നമ്പൂതിരിയുടെ മുളകുയാത്രയും. ഏറെ കേട്ടിട്ടില്ലാത്ത അമേരിക്കയുടെ രണ്ടു മുഖങ്ങൾ– യുദ്ധം വെറുക്കുന്നവരുടെ അമേരിക്ക, ഭക്ഷണത്തിനുപോലും ബുദ്ധിമുട്ടുന്നവരുടെ അമേരിക്ക ഏറെ ശ്രദ്ധേയമായി.
പി.എ.എ. സലാം, നെല്ലിക്കുത്ത്

### വായനവിരുന്ന് ഹൃദ്യം

കഴിഞ്ഞ ലക്കം വാരാദ്യമാധ്യമത്തിൻെറ വായനവിരുന്ന് ഹൃദ്യമായി. എരിവളക്കാനായി നാരായണൻ നമ്പൂതിരി നടത്തിയ ദേശയാത്രയും കേരളത്തിൻെറ പ്രിയ എഴുത്തുകാരൻ പി.കെ. പാറക്കടവിൻെറ വിദേശയാത്രാനുഭവങ്ങളും. യാത്രയിലെ വൈവിധ്യമാർന്ന അനുഭവങ്ങൾ ജീവിതത്തോട് ചേർത്തുവെച്ച നാരായണൻ നമ്പൂതിരിയെ പരിചയപ്പെടുത്തിയ ഫഹീം ചമ്രവട്ടത്തിനും അമേരിക്കയിലേക്ക് എഴുത്തിലൂടെ അനുവാചകരെ കൈപിടിച്ച് എത്തിച്ച പി.കെ. പാറക്കടവിനും നന്ദി.
ഷംസാദ് കെ. മൊയ്തീൻ, പോഞ്ഞാശ്ശേരി



### മുളകൻ എന്ന കൗതുകം

'മുളകൻ' വല്ലാതെ ആകർഷിച്ചു. എല്ലാം അത്യാധുനികതയിലേക്ക് മായുമ്പോഴും ജന്മസിദ്ധിയെന്നോണം മുളകിൻെറ എരിവളക്കുന്ന നാരായണൻ നമ്പൂതിരിയെ പോലുള്ളവർ പുതുതലമുറ വായനക്കാർക്ക് കൗതുകമാണ്.
ഫൈസ് കെ.പി, പുളിക്കൽ


### കവിത വായിക്കുന്ന അനുഭൂതി

പി.കെ. പാറക്കടവിൻെറ 'കാലിഫോർണിയ, ന്യൂയോർക് സ്കെച്ചുകൾ' യാത്രാനുഭവം കവിത വായിക്കുന്ന അനുഭൂതിയോടെയാണ് വായിച്ചത്. പോയി വന്ന അനുഭവം.
എം.കെ. അബ്ദുൽ റഹ്മാൻ, ഉളിയിൽ

### യാത്ര ചെയ്തപോലെ

പി.കെ. പാറക്കടവിൻെറ അമേരിക്കൻ യാത്രാവിവരണം ആ നാടുകളിലേക്ക് സൗജന്യവിസയും ടിക്കറ്റുമെടുത്ത് യാത്ര ചെയ്ത അനുഭവം പകർന്നു.
ഹഫീദ് നദ്വി, കൊച്ചി

### സാംസ്കാരിക സ്കെച്ചുകൾ



പി.കെ. പാറക്കടവിൻെറ കാലിഫോർണിയ, ന്യൂയോർക് സ്കെച്ചുകൾ വായിച്ചു. യാത്രാകുറിപ്പുകൾ എന്നതിലപ്പുറം ഈ നാടിൻെറ ഒരു സാംസ്കാരിക സ്കെച്ചു കൂടിയായി ഈ യാത്രാ അനുഭവം. അഭിനന്ദനങ്ങൾ.
സഫീന സി.വി.എൻ, ശ്രീകണ്ഠപുരം

### ആശംസകൾ

'അദ്ഭുതലോകത്തെ ആതുരാലയം' (ലക്കം 1472) വല്ലാത്ത അദ്ഭുതമുളവാക്കി. ആ ജനതയുടെ ദുരവസ്ഥയിൽ വേദനയും ഒപ്പം കേരളത്തിൽ ജീവിക്കുന്ന നമ്മളൊക്കെ എത്രമാത്രം ഭാഗ്യവാന്മാരാണെന്നും ഓർത്തുപോയി. വിഷൻ 2016 പദ്ധതിയുമായി മുന്നോട്ടുതന്നെ പോകട്ടെ. എല്ലാ ആശംസകളും.
യൂസഫ് പി.എം, വെണ്ണല

### പ്രാർഥിക്കുന്നു

'അദ്ഭുതലോകത്തെ ആതുരാലയം' എന്ന ലേഖനം ഏറെ ഞെട്ടിച്ചു. അവിടത്തെ അവസ്ഥക്ക് മാറ്റംവരട്ടെ എന്ന് ഹൃദ്യമായി പ്രാർഥിക്കുന്നു.
നജ്ല സി.വി, മഞ്ചേരി

### നിഷ്കളങ്ക ബാല്യങ്ങൾ

വിശപ്പും ദാരിദ്ര്യവും ചൂഷകരുടെ ചാകരയാണ്. തിരിച്ചറിവിൻെറ ബാലപാഠങ്ങൾപോലും അറിയാത്ത നിഷ്കളങ്ക ബാല്യങ്ങൾ നേരിടുന്ന ചൂഷണം, ജീവിതാന്ത്യം വരെ അസംതൃപ്തവും അസഹനീയവുമായി തുടരുന്നതെങ്ങനെയെന്ന് ലളിതമായി കാണിക്കുന്ന കഥയാണ് 'ബിരിയാണി മണം'. വറീതുമാരെ തുറന്നു കാണിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്.
പി.എ. അബ്ദുൽ കരീം, ആലുവ

### ഹൃദയസ്പർശി

'ബിരിയാണിയുടെ മണം' (ലക്കം 1472) എന്ന കഥ പറയാതെ പറയുന്നത് ഹൃദയസ്പർശിയായ വിഷയമാണ്. ജീവിതസാഹചര്യങ്ങളാൽ അനിഷ്ടകരമായ വഴിതേടിപ്പോകുന്ന ഒരു വിഭാഗത്തെയാണ് കഥ വിവരിക്കുന്നത്.
മുഹമ്മദ് ആഷിക്ക് കെ.എ, തൊടുപുഴ ഈസ്റ്റ്

### സ്ത്രീസമൂഹത്തിൻെറ വേദനകൾ



'ബിരിയാണിയുടെ മണം' എന്ന കഥ ഹൃദ്യമായി. സ്ത്രീസമൂഹം അനുഭവിക്കുന്ന വേദനകളെ യാഥാർഥ്യബോധത്തോടെ വരച്ചുകാട്ടാൻ കഥാകാരിക്ക് കഴിഞ്ഞു.
അബ്ദുൽ ഖാദർ കെ.പി.സി, കാങ്കോൽ

### മനസ്സിനെ പിടിച്ചുകുലുക്കി

ചില കഥാസൃഷ്ടികൾ എന്നും നമ്മെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കും. അതു നല്ല എഴുത്തുകാരുടെ ലക്ഷണമാണ്. കഴിഞ്ഞ ലക്കത്തിലെ 'ബിരിയാണിയുടെ മണം' എന്ന ചെറിയ കഥയിലൂടെ സമൂഹത്തിലെ യാഥാർഥ്യങ്ങളെ തൊട്ടുകൊണ്ടു വായനക്കാരുടെ മനസ്സിനെ പിടിച്ചുകുലുക്കിയ ജിഷ ഷെരീഫിലെ എഴുത്തുകാരിക്ക് അഭിനന്ദനങ്ങൾ.
ഫാത്തിമ മുസ്തഫ, മണ്ടൂർ

### ഏറെ വിഭവങ്ങൾ

'മാധ്യമ ധീരതയുടെ ഗുജറാത്ത് ഫയലുകൾ' എന്ന പുസ്തകപരിചയം ഏറെ വിലപ്പെട്ടതായിരുന്നു. 'ബിരിയാണിയുടെ മണം' എന്ന കഥയും ഹഠാതാകർഷിച്ചു. അമേരിക്കൻ തെരുവുകളിലും ഭിക്ഷക്കാരുണ്ടെന്ന അറിവ് പി.കെ. പാറക്കടവിൻെറ ലേഖനത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.
അമിത്രജിത്ത്, തെക്കേക്കാട്

### കാളികാവ് സാഹിതി ത്രിദിന സാഹിത്യ ക്യാമ്പ്

കാളികാവ് സാഹിതി കല–സാഹിത്യ കൂട്ടായ്മ സംസ്ഥാനതലത്തിൽ ത്രിദിന സാഹിത്യ ക്യാമ്പ് സംഘടിപ്പിക്കുന്നു. നവംബർ 11, 12, 13 തീയതികളിൽ കാളികാവിൽവെച്ചാണ് ക്യാമ്പ് നടത്തുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന 50 പേർക്കാണ് അവസരം. താൽപര്യമുള്ളവർ രചനകൾ സഹിതം സാഹിതി കലാകൂട്ടായ്മ, കാളികാവ് പി.ഒ, 676525 എന്ന വിലാസത്തിൽ അപേക്ഷിക്കുക.
ഫോൺ: 9961209677, 9048540779, 9495488032

### വാട്സ്ആപ് വഴി ഇനി രചനകളും കത്തുകളും അയക്കാം

വാരാദ്യമാധ്യമത്തിലേക്കുള്ള രചനകളും കത്തുകളും ഇനി വാട്സ്ആപ് വഴി മലയാളത്തിൽ ടൈപ് ചെയ്ത് അയക്കാം. whatsapp: 9645006105, email: varadyam@madhyamam.in തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം. വെള്ളിമാട്കുന്ന്. പി.ഒ. കോഴിക്കോട്–12

കഥ

# മഴയിലൂടെ നടന്നുപോയ കുട്ടി


ചിത്രീകരണം: ഒ.വി. നാസർ

എം. കമറുദ്ദീൻ

പെട്ടെന്നാണ് മഴ തുടങ്ങിയത്. ഇടക്ക് പകൽ, ഇടി മുഴങ്ങുകയും ചെയ്തു. പട്ടണത്തിലെ പാതകളിലേക്കെല്ലാം വെള്ളം കയറിയിരുന്നു. എവിടെയോ ചുഴലിക്കാറ്റടിച്ചതിന്റെ തുടർച്ചയായിരുന്നു ഓർക്കാപ്പുറത്തുവന്ന മഴ.

രണ്ടു വർക്ഷോപ്പുകൾക്കും ഒരു ഇറച്ചിക്കടക്കും ഇടയിലൂടെ നീണ്ടുപോകുന്ന പാതയുടെ ഇടതുവശത്തുള്ള ആ ചായക്കടയിൽ പതിവുകാരെല്ലാം എത്തിയിരുന്നു. അവർ മഴയെക്കുറിച്ച് തന്നെയാണ് സംസാരിച്ചുകൊണ്ടിരുന്നത്. ഈ മഴ ഇങ്ങനെ നിന്നാൽ പട്ടണം വെള്ളത്തിൽ മുങ്ങിപ്പോകാൻ അധികം താമസമുണ്ടാവില്ലെന്ന് വർക്ഷോപ്പിലെ മെക്കാനിക്ക് പറഞ്ഞു.

ഇപ്പോൾ റോഡുകളായിമാറിയ സ്ഥലങ്ങളെല്ലാം പണ്ട് തോടുകളും വയലുകളുമൊക്കെയായിരുന്നുവെന്നു പറഞ്ഞ് ചായക്കടക്കാരൻ 40വർഷം മുമ്പുണ്ടായിരുന്ന പട്ടണത്തിന്റെ ഭൂമിശാസ്ത്രം പെട്ടെന്ന് വിവരിച്ചു.

ആ സമയം കടയിലേക്കു കയറിവന്ന പത്ര വിൽപനക്കാരനായ ബാലനെ കണ്ട് ചായക്കടക്കാരൻ പറഞ്ഞു: 'ഇവന് മഴയും കാറ്റും വെയിലും ഒന്നുമില്ല. ആർക്കാടാ നീ ഇത്ര മാത്രം സമ്പാദിക്കുന്നത്. നിനക്ക് വീടും കൂടും ഒന്നും ഇല്ലല്ലോ...'

അതുകേട്ട് അവൻ പതിയെ ചിരിച്ചു. എന്നിട്ട്, അവന്റെ രൂപത്തിന് ഒട്ടും ചേരാത്ത ഒരുശബ്ദത്തിൽ 'കഴിഞ്ഞു പോകണ്ടേ ഗോവിന്ദൻ ചേട്ടാ' എന്ന് പറയുകയും ചെയ്തു.

അവന്റെ ചെറിയ രൂപത്തെ പൊതിഞ്ഞിരിക്കുന്ന മഴക്കോട്ടിൽനിന്നും ഊർന്നു വീഴുന്ന വെള്ളം അവിടെ ഇരിക്കുന്നവരുടെ വസ്ത്രങ്ങളിലേക്കു വീഴാതിരിക്കാൻ അവൻ കടയുടെ ഒരു മൂലയിലേക്ക് ഒതുങ്ങിനിന്നു.

'എന്തായെടാ ഇന്നത്തെ പത്രമൊക്കെ വിറ്റു കഴിഞ്ഞോ' എന്ന് ചായകുടിക്കുന്നതിനിടയിൽ ഒരാൾ ചോദിച്ചു.

'എങ്ങനെ വിൽക്കാനാ ചന്ദ്രൻ ചേട്ടാ ബസ്സ്റ്റാൻഡിലൊന്നും ആരുമില്ല. ബസൊക്കെ കയറ്റിയിട്ടിരിക്കുകയാണ്'. എന്ന് അവൻ പറഞ്ഞത് ശ്രദ്ധിക്കാതെ, ചോദിച്ചയാൾ അടുത്തിരുന്നയാളുമായി മറ്റെന്തോ സംസാരിക്കാൻ തുടങ്ങിയിരുന്നു. അവർ അപ്പോഴും ബസ്സ്റ്റാൻഡിൽ കണ്ട കാഴ്ചകൾ വിവരിച്ചുകൊണ്ടിരുന്നു. അവന്റെ സംസാരം ആരും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല.

പട്ടണത്തിൽ അടുത്തിടെ നടന്ന വലിയഒരു വാഹനാപകടത്തെക്കുറിച്ചായി പിന്നെ അവരുടെ സംസാരം. അപകടത്തിൽപെട്ട ബസിന്റെ പേര് ചായക്കടക്കാരൻ പറഞ്ഞപ്പോൾ, അവൻ തിരുത്തി. 'ആ ബസല്ല ഗോവിന്ദൻ ചേട്ടാ... ജ്യോതി മോൾ ആണ്'. ചായക്കടക്കാരൻ അവൻ പറഞ്ഞത് ശ്രദ്ധിച്ചില്ല. ഇങ്ങനെ, അവരുടെ സംസാരത്തിനിടയിൽ അവൻ അവനറിയാവുന്ന ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നു. സംസാരിക്കുന്നവർ അവനെ ശ്രദ്ധിക്കുകതന്നെ ചെയ്യുന്നുണ്ടായിരുന്നില്ല.

> ഇപ്പോൾ റോഡുകളായി മാറിയ സ്ഥലങ്ങളെല്ലാം പണ്ട് തോടുകളും വയലുകളുമൊക്കെയായിരുന്നുവെന്നു പറഞ്ഞ് ചായക്കടക്കാരൻ 40വർഷം മുമ്പുണ്ടായിരുന്ന പട്ടണത്തിന്റെ ഭൂമി ശാസ്ത്രം പെട്ടെന്ന് വിവരിച്ചു

അപ്പോഴാണ് തടിച്ചുയർന്ന ഒരാൾ കയറി വന്നത്. നീണ്ട മൂക്കും ചുവന്നുതുടുത്ത മുഖവും കൊമ്പൻ മീശയുമുള്ള ആ മനുഷ്യൻ മുമ്പ് ഒരു പട്ടാളക്കാരനായിരുന്നെന്ന് ആർക്കും തോന്നുമായിരുന്നു.

ചായ കുടിച്ചിരുന്നവർ ആ മനുഷ്യനെ കണ്ട് ആദരവോടെ ഒന്ന് ഇളകിയിരുന്നു. കുറച്ചുനേരം ആ ബാലനെ ശ്രദ്ധിച്ച് ആ മനുഷ്യൻ അവനെ അടുത്തേക്കു വിളിച്ചു.

അവന്റെ മുഖത്തേക്കുതന്നെ അൽപനേരം നോക്കിയിരുന്ന് അയാൾ പറഞ്ഞു: ' നിന്നെ ഞാൻ അറിയും നീ എന്നെ മറന്നുപോയോടാ... മോനേ...' അതും പറഞ്ഞ് അയാൾ അവന്റെ തലയിൽ ഒരു പരുക്കൻ തലോടൽ നടത്തി. ആ മനുഷ്യന്റെ ഭാരിച്ച കൈപ്പടം അമർന്നപ്പോൾ അവന്റെ കൊച്ചുശിരസ്സ് കഴുത്തിലേക്ക് ഒന്നമർന്നതുപോലെയായി. അയാളുടെ തലോടലേറ്റ് അവന്റെ ശിരസ്സ് ഇടത്തോട്ടും വലത്തോട്ടും ആടിക്കൊണ്ടിരുന്നു. തലോടലിനിടയിൽ അയാൾ പറഞ്ഞുകൊണ്ടിരുന്നു: 'നീ എന്തിനാടാ അന്ന് വീടുവിട്ട് പോയത്. ഞാനൊന്ന് വഴക്കുപറഞ്ഞതിനോ... നിന്നെ എനിക്കറിയാം... അതേ കണ്ണുകൾ... മൂക്ക്... താടിയിലെ ആ ചുഴിയുമുണ്ട്. നീ എന്നോട് പിണങ്ങിപ്പോയതല്ലേടാ. ഈ പാവം അപ്പനോട് പിണങ്ങി നീ എന്തിനാടാ പോയത്...' അയാൾ പെട്ടെന്ന് അവനെ ആലിംഗനം ചെയ്തു. അയാൾ കരയുകയാണെന്നു തോന്നി.

എന്നാൽ, ആ മനുഷ്യന്റെ വാക്കുകളും ചലനങ്ങളുമൊന്നും ആരും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. കുട്ടി ആ മനുഷ്യന്റെ മുഖത്തുനോക്കാതെ തലകുനിച്ചു നിൽക്കുകയായിരുന്നു. അവന്റെ മുതുക് അസാധാരണമായി ഉയർന്നു താഴ്ന്നു കൊണ്ടിരുന്നു. ആദ്യമായിട്ടായിരുന്നു, മുതിർന്ന ഒരാൾ അവന്റെ തലയിൽ തലോടുന്നതും അവനെ കെട്ടിപ്പുണരുന്നതും.അയാൾ പിന്നെ ചായക്കടക്കാരനോട് പറഞ്ഞു: 'ഇവനും ഒരു ചായകൊടുക്ക്. ഇവൻ എന്റെ മകനാണ്. ചെറുപ്പത്തിൽ നാടുവിട്ടുപോയ എന്റെ മകൻ'.

അതു ശ്രദ്ധിക്കാതെ ചായക്കടക്കാരൻ ആ മനുഷ്യനുമുന്നിൽ ചായ ഗ്ലാസ് പതുക്കെ വെച്ചു. ചായ കുടിച്ച് അയാൾ തിടുക്കത്തിൽ ഇറങ്ങിപ്പോയി. റോഡിലേക്കിറങ്ങുമ്പോൾ ആ മനുഷ്യൻ ഒന്നു തിരിഞ്ഞുനോക്കുമെന്ന് കരുതിയിട്ടാവാം കുട്ടി അയാൾ പോകുന്നതുതന്നെ നോക്കി നിൽക്കുകയായിരുന്നു.

ആകാശം കൂടുതൽ ഇരുണ്ടുവന്നു. ചായകുടി കഴിഞ്ഞ് ഓരോരുത്തരായി ഇറങ്ങിപ്പോയി. കുട്ടി അപ്പോഴും തൂണിൽ ചാരി നിൽക്കുകയായിരുന്നു.

എന്താ നീ പോകുന്നില്ലേടാ എന്ന് കടക്കാരൻ ചോദിച്ചപ്പോൾ അവൻ പതിയെ ചിരിച്ചു. ചായക്കടക്കാരന്റെ അടുത്തേക്ക് നീങ്ങിനിന്ന് നനുത്ത ഒരു ശബ്ദത്തിൽ അവൻ പിന്നെ ചോദിച്ചു: 'ഗോവിന്ദ ചേട്ടാ... ആ ആൾ പറഞ്ഞത് ശരിയാണോ... എന്റെ പോലെ ഒരു കുട്ടി ആ ആൾക്കുണ്ടായിരുന്നോ...'

അവന്റെ ചോദ്യം കേട്ട് ചായക്കടക്കാരൻ ഒന്നു പൊട്ടിച്ചിരിച്ചു: 'നീ അതും വിചാരിച്ച് നിൽക്കുകയാണോ. വെള്ളമടിച്ചാൽ ജോൺസാർ ഇതിലപ്പുറവും പറയും. ജോൺസാറിന് രണ്ട് മക്കളേയുള്ളൂ. ഒരാൾ കാനഡയിലാണ്. ഒരാൾ ജില്ലാ ആശുപത്രിയിലെ ഡോക്ടറാണ്. പുള്ളി കാലത്ത് മുതൽ കുടിതുടങ്ങും. കുടിച്ചാൽ പിന്നെ ഇങ്ങനെ ഓരോന്നു പറയും' ചായക്കടക്കാരൻ പറഞ്ഞു.

അവൻ അപ്പോൾ റോഡിലേക്കിറങ്ങി. മഴയിലൂടെ പെട്ടെന്ന് പാഞ്ഞുവന്ന കാറ്റിൽ അവൻ ഒന്നു നിലതെറ്റിയതുപോലെയായി. മഴക്കോട്ടിട്ട, അവന്റെ കൊച്ചുരൂപം കാറ്റ് ചുഴറ്റിയടിക്കുന്ന മഴക്കിടയിലൂടെ അകന്നുപോകുന്നത് ചായക്കടക്കാരൻ വെറുതെ അൽപനേരം നോക്കിനിന്നു. •

നോവൽ ദേശം

# അപ്പുക്കിളിവീട്



• അപ്പുക്കിളിയുടെ പുതുക്കിയ വീട്

പി.കെ. സുധി

ആകാശത്തിന്റെ അനന്തതയിൽ നിന്നാ ദൈവം വാരിയെറിഞ്ഞ ചില കാർഡുകൾ പിടിച്ചെടുക്കാൻ ഭാഗ്യമുണ്ടായവരാണ് പാലക്കാട് ജില്ലയിലെ തസ്രാക്കുകാർ. അതിലെഴുതിയിരുന്നതു മാതിരി ചിലർ അള്ളാപ്പിച്ച മൊല്ലാക്കയായും മൈമൂനയായും നൈജാമലിയായും അപ്പുക്കിളിയായും ശിവരാമൻ നായരായും ആ ചെറിയ ഭൂമികയിൽ തകർത്താടി. മലയാളം നിലനിൽക്കുന്നിടത്തോളം കാലം ഈ തസ്രാക്കുകാരുടെ ചരിത്രം ശാശ്വതീകരിക്കാനായി ഒരു കാർഡും പിടിച്ചെടുത്ത് സാക്ഷാൽ ഒ.വി.വിജയനും അന്നു തസ്രാക്കിലെത്തി. നെൽകൃഷിയുടെ ആ നാടിനെ എഴുത്തുകാരൻ ഭാവനാലോകത്തിലെ ഖസാക്കാക്കി മാറ്റി.

ശിവരാമൻ നായരുടെ ഞാറ്റുപുര, ഏകാധ്യാപക വിദ്യാലയമായിരുന്ന ഇന്നത്തെ മദ്രസ, അറബിക്കുളം ഞാറ്റുപുരയിലെ വിരുന്നുകാരനായ എഴുത്തുകാരൻ.. ഖസാക്കിന്റെ പെരുമയിൽ മുട്ടി തസ്രാക്കിലെ സത്യമേത്? ഖസാക്കിനെ സംബന്ധിച്ച ഭാവനയുടെ വരമ്പുകൾ ഈ നാട്ടിൽ എവിടെ അവസാനിക്കുന്നു? ഇവ പലപ്പോഴും ആ ഗ്രാമത്തിലെത്തുന്നവരെ ഒരു നിമിഷം വിഭ്രമിപ്പിക്കാറുണ്ട്. മിഥുന മഴയിൽ തോരാനിട്ട ഈറൻ തുണിമാതിരി നനഞ്ഞുകിടന്ന പാലക്കാടും കടന്ന് തസ്രാക്കിലെത്തിയപ്പോൾ ഒരു വീടിനു മുന്നിൽ അപ്പുക്കിളി എന്ന പേര് മാർബിളിൽ കൊത്തിവെച്ചതു കണ്ടാണ് അതിശയം കൊണ്ടത്. എന്നാണപ്പാ നമ്മുടെ കിളി വീടു പണിഞ്ഞത്? അതിനി കിളിയണ്ണന്റെ ബന്ധുക്കളെങ്ങാനും ചെയ്ത പണിയാവുമോ? 'അത് കിളിയണ്ണന്റെ വീടുതന്നെ. വിറ്റുപോയപ്പോൾ പുതുതായി വാങ്ങിയ ആൾ അങ്ങനൊരു ബോർഡു വെച്ചതാണ്.' ഖസാക്ക് സ്മാരകത്തിന്റെ സൂക്ഷിപ്പുകാരനായ മജീദണ്ണൻ കഥയും കാര്യങ്ങളും പറയുന്ന കൂട്ടത്തിൽ അപ്പുക്കിളിയെന്ന മതിൽ ബോർഡിനെ കുറിച്ചും ചുരുക്കിപ്പറഞ്ഞു. ആ നാട്ടിലെ തുമ്പികൾക്കും ഓന്തുകൾക്കും വരെ കാർഡുകൾ കിട്ടി. ശിവരാമൻ നായർ കളപ്പുരയിലെ പണിക്കായി ഇറക്കിയ കിളിയണ്ണൻ അപ്പുക്കിളിയെന്ന പുതുവേഷമിട്ട് ഖസാക്കിൽ കയറിക്കൂടി. തുമ്പികളെ പിടിക്കാനും മറ്റുമായി സമയം ചെലവിട്ടു. അപ്പുക്കിളിയായി മാറിയ കിളിയണ്ണൻ ഒടുവിൽ എല്ലാ കളികളും മതിയാക്കി കാർഡു താഴെവെച്ച് തിരികെപ്പോയി. തസ്രാക്കിൽ നിന്നും ബന്ധുക്കളും താമസം മാറ്റിയതോടെ അണ്ണന്റെ വീട് പരിപാലനമില്ലാതെ ചോർന്നൊലിച്ചു കിടന്നു.

> തസാക്കിലെത്തിയപ്പോൾ ഒരു വീടിനു മുന്നിൽ 'അപ്പുക്കിളി'യെന്ന് മാർബിളിൽ കൊത്തി വെച്ചിരിക്കുന്നു

ഇനിയാണ് കഥ തുടങ്ങുന്നത്. കിളിയണ്ണൻ ഇട്ടുപോയ കാർഡ് നറുക്കു വീണതുമാതിരി കിട്ടിയത് പാലക്കാട് യാക്കരക്കാരനും ഇൻസ്ട്രുമെന്റേഷനിലെ ജീവനക്കാരനുമായ പി.വി. സുകുമാരനാണ്. അതേക്കുറിച്ച് അദ്ദേഹം തന്നെ പറയുന്നു: 'പാലക്കാടൻ വയൽത്തണുപ്പും നെല്ലിൻ പച്ചപ്പും ചേറ്റുമണവും ആസ്വദിച്ച് നഗരത്തിലെ തിരക്കിൽ നിന്നും ഇടക്കിടെ വന്നു വിശ്രമിക്കാൻ വേണ്ടി ഒരു ചെറിയ വീടുനോക്കിയാണ് ഞാൻ തസ്രാക്കിലെത്തിയത്. ഒടുവിൽ വിൽക്കാനിട്ടിരുന്ന ഈ ആറര സെന്റു ഭൂമിയും കഥാനായകന്റെ വീടും എനിക്ക് കിട്ടി. വാക്കു പറഞ്ഞ് കൈയിലുണ്ടായിരുന്ന ആയിരം രൂപ അഡ്വാൻസ് കൊടുത്തതോടെ മടങ്ങുന്ന വഴിയിൽ ഒരു ചായ കുടിക്കാനുള്ള പണംപോലും പഴ്സിൽ മിച്ചമുണ്ടായിരുന്നില്ല. പിന്നെയെല്ലാം നടന്നു. ആകെത്തകർന്ന മേൽക്കൂര ശരിയാക്കി. തറ വൃത്തിയാക്കി. അപ്പുക്കിളിയുടെ വാസയിടത്തിന് വലിയ മാറ്റം വരുത്താതെ പുതുക്കിയെടുത്തു. മതിലിൽ അപ്പുക്കിളി എന്ന ബോർഡും സ്ഥാപിച്ചു'. പത്തൊമ്പതു ലക്ഷം രൂപ മുടക്കി പുതുക്കിയ അപ്പുക്കിളി വീട് തസ്രാക്കിൽ ഒ. വി. വിജയൻ താമസിച്ചിരുന്ന ഞാറ്റുപുരയുടെ അടുത്തു തന്നെയാണ്. പഴയ രീതിയിലുള്ള ഒരു പാലക്കാടൻ വീട്. അതിന്റെ മതിലിൽ പുതുതായി പിടിപ്പിച്ച അപ്പുക്കിളിയെന്ന ബോർഡാണ് ഖസാക് കാണാൻ വരുന്നവരുടെ ശ്രദ്ധയിലേക്ക് ഇതിനെ ചൂണ്ടിക്കൊടുക്കുന്നത്. അതില്ലെങ്കിൽ അപ്പുക്കിളി വീടിനെ ആരും കണ്ടെത്തില്ല. ആരോരുമറിയാതെ തസ്രാക്കിൽ അതുറക്കത്തിൽ വീണുകിടക്കും.

പിറകുവശത്തെ ചെറിയ മുറ്റം. അത് തുമ്പികൾ പറക്കാനെത്തുന്ന പാടത്തിലേക്കാണ് നോക്കിനിൽക്കുന്നത്. പഴയ മുളവേലി അവിടെ പൗരാണിക രീതിയിൽ നിലനിർത്തിയിരിക്കുന്നു. പി.വി. സുകുമാരൻ പറഞ്ഞതു മാതിരി കാറ്റും ചേറുമണവും തുമ്പികളുടെ വിളയാട്ടവുമെല്ലാം കണ്ടുകണ്ടവിടെ അപ്പുക്കിളിയെ മാതിരി എത്ര നേരം വേണമെങ്കിലും ഇരുന്നുപോകും. ആഷാ മേനോനും, ടി.കെ. ശങ്കരനാരായണനും പി.എ. വാസുദേവൻ മാഷുമൊക്കെ ഇതിനോടകം സുകുമാരനെ ഈ വീടുവാങ്ങിയതിലും പുതുക്കിപ്പണിതതിലും അഭിനന്ദിച്ചു കഴിഞ്ഞു. അതിൽ സുകുമാരന് ഏറെ സന്തോഷമുണ്ട്. തസ്രാക്കിൽ വന്നു താമസിച്ച് സാഹിത്യരചന നടത്താൻ താൽപര്യമുള്ളവരെ പരിഗണിച്ച് ചില പരിപാടികളൊക്കെ അദ്ദേഹം ആസൂത്രണം ചെയ്യുന്നുണ്ട്. തസ്രാക്കിലെ ഞാറ്റുപുരയിലെത്തുന്ന കുട്ടികൾ വിജയൻ താമസിച്ചിരുന്ന മുറിയുടെ തിണ്ണയിൽ കൈ തൊട്ട് നെറുകയിൽ വെക്കുന്നത് പലപ്പോഴും കണ്ടിട്ടുള്ള പി.വിയുടെ മനസ്സിൽ അവരെയൊക്കെ ഉൾക്കൊള്ളുന്ന പരിപാടികളാണുള്ളത്.

'ഇതിന്റെ കേറിത്താമസത്തിന് ഞാനെന്തായാലും തസ്രാക്കുകാരെ മുഴുവനും ക്ഷണിക്കുന്നുണ്ട്. ഞാനിപ്പോൾ അവരുടെ പ്രിയപ്പെട്ടവനാണ്. ഇവിടെയെത്തുമ്പോൾ വീണ്ടും ഖസാക്കിന്റെ ഇതിഹാസം വായിക്കുന്നതു മാതിരി തോന്നും. കഴിയുമെങ്കിൽ ഇവിടെ താമസിച്ച് ചിലതൊക്കെ എനിക്ക് എഴുതണമെന്നുണ്ട്.

ഇനിയങ്ങനെയൊക്കെ സംഭവിച്ചില്ലെങ്കിലും ചിലപ്പോഴൊക്കെ ഈ വലിയ ലോകത്തിൽ കുറെ നേരം നമ്മളും അപ്പുക്കിളിയെ മാതിരി മണ്ടനാകുന്നതിൽ തെറ്റില്ല.' പി.വി. സുകുമാരൻ പറഞ്ഞത് ശരിയാണ്. ഏതുനാട്ടിലും ഒരപ്പുക്കിളിയുണ്ടാകും. അവരെ തൊട്ടുനിൽക്കുമ്പോൾ ഉറഞ്ഞു നിൽക്കുന്ന മനസ്സൊന്നയയും. അത് മലയാളികളുടെ പ്രിയപ്പെട്ട കിളിയുടെ സവിധത്തിലാകുമ്പോൾ ഒ.വി. വിജയൻ സ്മാരകമായി മാറിയ സാക്ഷാൽ ഞാറ്റുപുരയിൽ നിന്നുമേറ്റു വാങ്ങുന്ന അനുഭൂതി ഇവിടെയും ലഭ്യമാകും. സംരക്ഷിക്കാൻ നാഥന്മാരില്ലാതെ പൈതൃകങ്ങൾ തകരുന്ന കാലമാണിത്. അപ്പോഴാണ് വായനയുടെ ലോകത്തിൽ നിന്നിറങ്ങി തസ്രാക്കിലേക്ക് പി.വി. സുകുമാരനെത്തുന്നത്. അദ്ദേഹം പുനർനിർമിച്ച കിളിയണ്ണന്റെ അപ്പുക്കിളി വീട് എഴുത്തിനെ സ്നേഹിക്കുന്ന മലയാളികളുടെ മനസ്സിൽ നിന്നൊരിക്കലും മായില്ല.

ദൈവം പിന്നെയും പഴയ കാർഡുകൾ ഇറക്കുന്നുണ്ട്. ഞാറ്റുപുരയുടെ സമീപത്ത് ശിവരാമൻ നായരുടെ അനന്തരാവകാശികൾ മറ്റൊരു കളപ്പുര കൂടി നിർമിച്ചിട്ടുണ്ട്. അതടഞ്ഞു കിടക്കുകയാണ്. കാർഡു കിട്ടുന്ന മറ്റൊരു വിജയൻ എവിടെ നിന്നെങ്കിലും ഇനിയും തസ്രാക്കിലെത്തും. അങ്ങനെ പുതിയൊരു ഇതിഹാസത്തിനു കൂടി ഇവിടെ സാധ്യതയുണ്ട്. ചരിത്രത്തിന് ആവർത്തിക്കാതിരിക്കാനാവില്ലല്ലോ. •

വായന





## ഏകാന്തപഥികൻ ഞാൻ

**പി. ജയചന്ദ്രൻ/വിനോദ് കൃഷ്ണൻ**
**വില: 260.00 പേജ്: 304**
**ഡി.സി ബുക്സ്**

മലയാളത്തിന്റെ പ്രിയ ഭാവഗായകൻ എം. ജയചന്ദ്രന്റെ ആത്മകഥ. കുട്ടിക്കാലം മുതൽ പാട്ടിന്റെ ലോകത്തേക്ക് നടന്നുതീർത്ത വഴികൾ വരെ ഓർത്തെടുക്കുകയാണ് അദ്ദേഹം. ജയചന്ദ്രൻ ഇതുവരെ പാടിയ ചലച്ചിത്ര ഗാനങ്ങളുടെ പട്ടികയും ജയചന്ദ്രന്റെ അപൂർവചിത്രങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.



## കാഫ്കനാട്

**മനീഷ സേഥി**
**വിവ: ആർ.കെ. ബിജുരാജ്**
**വില: 180.00 പേജ്: 190**
**പ്രതീക്ഷ ബുക്സ്**

ഭരണകൂട ഭീകരതക്കെതിരെ പൊരുതുന്ന മനുഷ്യാവകാശ പ്രവർത്തകരുടെ കൈപ്പുസ്തകം.


ഭീകരവാദവിരുദ്ധ വേട്ടയുടെ മറവിൽ ഇന്ത്യയിൽ നടക്കുന്ന ഭരണകൂട ഭീകരതയുടെ ഞെട്ടിക്കുന്ന ചിത്രം അനാവരണം ചെയ്യുന്ന പഠനം.



## റേഡിയോനാടക പ്രസ്ഥാനം

**ടി.ടി. പ്രഭാകരൻ**
**വില: 450.00 പേജ്: 464**
**കേരള സംഗീതനാടക അക്കാദമി**


ഒരു കലാപ്രസ്ഥാനമെന്ന നിലയിൽ റേഡിയോ നാടകങ്ങളെ ഗൗരവത്തോടെ സമീപിക്കുന്ന ഗ്രന്ഥം. റേഡിയോ നാടകങ്ങളുടെ സൈദ്ധാന്തികവും പ്രായോഗികവുമായ നിരവധി സവിശേഷതകളെ സസൂക്ഷ്മം വിശകലനം ചെയ്യുന്നു. ഒപ്പം റേഡിയോരംഗത്തെ കുലപതികളായ എഴുത്തുകാരും അഭിനേതാക്കളും സംവിധായകരും ഓർമിക്കപ്പെടുന്നു.



## ജോർജ് ആറാമന്റെ കോടതി

**എം.പി. നാരായണപ്പിള്ള**
**വില: 90.00 പേജ്: 98**
**ഹരിതം ബുക്സ്**

എം.പി. നാരായണപ്പിള്ളയുടെ ശ്രദ്ധേയമായ കഥാസമാഹാരം. ജീവിതത്തിന്റെ പുറംപോക്കുകളിൽപെട്ട മനുഷ്യരാണ് അദ്ദേഹത്തിന്റെ ശക്തമായ കഥാപാത്രങ്ങളെന്ന് എം.ടി. വാസുദേവൻ നായർ. ജോർജ് ആറാമന്റെ കോടതി, പരിണാമത്തിന്റെ പടിപ്പുരയിൽ, നീതിമാനായ രാജാവ്, ചെന്നിക്കുത്ത്, വിധി തുടങ്ങിയ കഥകൾ.



## അരങ്ങേറ്റം വഴികൾ വഴികാട്ടികൾ

**മുരളി**
**വില: 175.00 പേജ്: 192**
**ചിന്ത പബ്ലിഷേഴ്സ്**

പ്രമുഖരുടെ നാടകത്തെയും അഭിനയത്തെയും സിദ്ധാന്തങ്ങളെയും നിരീക്ഷണങ്ങളെയും അനുഭവങ്ങളെയും കുറിച്ച് നടൻ മുരളിയുടെ കുറിപ്പുകൾ. അഭിനയകലയുടെ അകംപൊരുൾ തേടിയുള്ള ഒരു കലാകാരന്റെ അന്വേഷണങ്ങൾ. അഭിനേതാവിനും സംവിധായകനും ആസ്വാദകനും ഒരുപോലെ സഹായകമാവുന്ന ഗ്രന്ഥം.



## വസന്തത്തിന്റെ ഇടിമുഴക്കം

**സെബാസ്റ്റ്യൻ ജോസഫ്**
**വില: 340.00 പേജ്: 380**
**പൂർണ പബ്ലിക്കേഷൻസ്**

കേരളത്തിലെ നക്സൽ പ്രസ്ഥാനത്തിന്റെ ഉദ്ഭവ-വികാസ പരിണാമങ്ങളിലേക്ക് വെളിച്ചം വീശുന്ന ഗ്രന്ഥം. നക്സൽ പ്രവർത്തകരുമായി നടത്തിയ അഭിമുഖ സംഭാഷണങ്ങൾ, കോടതി രേഖകൾ, പൊലീസ് റെക്കോഡുകൾ, പത്രവാർത്തകൾ എന്നിവയുടെ അടിസ്ഥാനത്തിൽ തയാറാക്കിയ ഗവേഷണഗ്രന്ഥം.



## ചുവന്ന സൗധങ്ങൾ

**ഡോ. ആനന്ദൻ**
**വില: 125.00 പേജ്: 162**
**ഫ്ലെയിം ബുക്സ്**

സാഹിത്യത്തിന്റെ തീവ്രസ്പർശത്തോടെ എഴുതിയ ഓർമക്കുറിപ്പുകൾ. അനുഭവങ്ങളുടെ വർണനകൾക്കിടയിൽ അവതാരികയുടെ ആവശ്യമില്ലാത്ത പുസ്തകം.



## മറവി ഓർമ: ശാസ്ത്രവും ജീവിതവും

**പ്രഫ.സി.പി. മുഹമ്മദ്**
**വില: 190.00 പേജ്: 212**
**ഇൻസൈറ്റ് പബ്ലിക്ക**

ഓർമയുടെയും മറവിയുടെയും ഉള്ളറകളിലേക്ക് ശാസ്ത്രീയവും ജൈവികവുമായ എത്തിനോട്ടം. 100 ബില്യൺ ന്യൂറോണുകളും അവക്കിടയിലെ എണ്ണമറ്റ ജൈവസന്ദേശങ്ങളും തീർക്കുന്ന മനുഷ്യന്റെ മഹാവിസ്മയങ്ങളെക്കുറിച്ചുള്ള അന്വേഷണം.

